# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

അടിയന്തിര ചോദ്യം 15.12.2014-ലെ മറുപടിയ്ക്ക്

## വ്യാപാരി വ്യവസായികളുടെ കടകളടച്ചുള്ള പ്രതിഷേധ സമരം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ.എ നെല്ലിക്കുന്ന്** | **ശ്രീ.ഉമ്മൻചാണ്ടി (ബഹു. മുഖ്യമന്ത്രി)** |
| എ) സംസ്ഥാനത്തൊട്ടാകെ വ്യാപാരി വ്യവസായികൾ 3.12.2014-ൽ കടകളടച്ച് പ്രതിഷേധം പ്രകടിപ്പിച്ചത് ജനജീവിതത്തിന് ബുദ്ധിമുട്ടു ണ്ടാക്കിയ പ്രശ്നം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) എങ്കിൽ പൊടുന്നനെയുള്ള പ്രസ്തുത സമരത്തിന്റെ കാരണങ്ങളെ ക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; | ബി) കേരള വ്യാപാരി വ്യവസായി ഏകോപന സമിതി 03.12.2014 ലെ കടയടച്ച് പണിമുടക്കുന്നതിനുള്ള കാരണങ്ങൾ സംബന്ധിച്ച് ബഹു.മുഖ്യമന്ത്രിക്ക് 28.10.2014-ൽ ഒരു മെമ്മോറാണ്ടം സമർപ്പിക്കുക യുണ്ടായി. പ്രസ്തുത കാരണങ്ങൾ താഴെ പറയുന്നു.<br>1) കട പരിശോധന നിർത്തി വെയ്ക്കുക.<br>2) തുണിത്തരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള 2% ടേണോവർ ടാക്സ് പിൻവലിക്കുക.<br>3) ഓൺലൈൻ വ്യാപാരം നിർത്തലാക്കുക.<br>4) അളവ് തൂക്കങ്ങൾ സീൽ വെക്കുന്നത് സംബന്ധിച്ചുള്ള അപാകതകൾ പരിഹരിക്കുക.<br>5) വാടക കുടിയാൻ നിയമത്തിലെ അപാകതകൾ പരിഹരിക്കുക.<br>6) റോഡ് വികസനം നടത്തുമ്പോൾ നഷ്ടപരിഹാരവും കച്ചവടക്കാരുടെ പുനരധിവാസവും ഉറപ്പ് വരുത്തുക.<br>7) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ-8 നിർത്തിവെയ്ക്കുക.<br>ഇത് സംബന്ധിച്ച് വ്യാപാരി പ്രതിനിധി കളുമായി ചർച്ച ചെയ്യുന്നതിനായി 26.11.2014 ൽ യോഗം നടത്തുവാൻ തീരുമാനിച്ചിരുന്നു എങ്കിലും 04.12.2014 ലാണ് പ്രസ്തുത യോഗം നടന്നത്.<br>പ്രസ്തുത ആവശ്യങ്ങൾ പരിശോധിച്ചു. ഒരു വ്യാപാരി നികുതി വെട്ടിക്കാൻ ശ്രമിക്കുന്നതായി ബോധ്യപ്പെട്ടാലോ സാധനങ്ങളോ രജിസ്റ്ററുകളോ അല്ലെങ്കിൽ വ്യാപാരവുമായി ബന്ധപ്പെട്ട രേഖകളോ മറ്റെവിടെയെങ്കിലുമാണ് സൂക്ഷിക്കുന്നതെന്ന് ബോധ്യപ്പെട്ടാലോ കേരള മൂല്യവർദ്ധിത |

നികുതിനിയമത്തിലെ 44-ാം വകുപ്പ് പ്രകാരം കട പരിശോധിക്കാനുള്ള അധികാരം നികുതി നിർണ്ണയ അധികാരിക്കുണ്ട്. പ്രസ്തുത നിയമത്തിലെ 23-ാം വകുപ്പ് പ്രകാരം ഡെപ്യൂട്ടി കമ്മീഷണർക്കോ ഓഡിറ്റ് ഓഫീസർക്കോ വ്യാപാരസ്ഥാപനം സന്ദർശിച്ച് റിട്ടേണുകളും സ്റ്റോക്കും വ്യാപാരവുമായി ബന്ധപ്പെട്ട രേഖകളും പരിശോധിക്കാവുന്നതാണ്. Audit visit ഉം intelligence wing പരിശോധനയും പ്രത്യേക നടപടി ക്രമം പ്രകാരമുള്ളതാണ്. നികുതി ചോർച്ച ഉള്ളടത്തോളം കാലം കട പരിശോധന ആവശ്യമാണ്. ഒരു കോടി രൂപയ്ക്ക് മേൽ ടെക്സ്റ്റൈൽസ് ഇനങ്ങളുടെ വിറ്റുവരവുള്ള വ്യാപാര സ്ഥാപനങ്ങളുടെ റെഡിമെയ്ഡ് ഒഴികെയുള്ള തുണിത്തരങ്ങളുടെ വിറ്റുവരവിന്മേലാണ് 2% ടേണോവർ ടാക്സ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിനെതിരെ ചില വ്യാപാരികൾ ബഹു.ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തിരിക്കുകയാണ്. ഈ വിഷയം കോടതിയുടെ പരിഗണനയിലായതിനാൽ യാതൊരു ഇടപെടലുകളും സാദ്ധ്യമല്ല. നികുതി സംബന്ധമായ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് വ്യാപാരികൾക്ക് ഗ്രീവൻസ് റിഡ്രസ്സൽ ബ്യൂറോ സംവിധാനം നിലവിലുണ്ട്. കൂടാതെ വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിലൂടെ വ്യാപാരികൾക്ക് നികുതി സംബന്ധമായ പ്രശ്നങ്ങൾ നേരിട്ട് ബഹു. ധനകാര്യ മന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്താനുള്ള അവസരവും ഉണ്ട്.

സംസ്ഥാനത്ത് ഓൺലൈൻ സൈറ്റിലൂടെ സാധനങ്ങൾ വാങ്ങുന്ന പ്രവണത വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് നടത്തുന്ന ഓൺലൈൻ വില്പന, കേന്ദ്ര ചരക്ക് വില്പനനിയമ ത്തിലും, കേന്ദ്ര വില്പന നികുതി നിയമത്തിലും വ്യവസ്ഥചെയ്യപ്പെട്ടിട്ടുള്ള രീതിയിൽ ആകയാൽ നിയമപരമായി തടയുവാൻ ബുദ്ധിമുട്ടുള്ളതു മാണ്.

| | |
|---|---|
| സി) ജനജീവിതത്തിന് ഹാനികരമായ ഇത്തരം സമരങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ? | സി) കേരള മൂല്യവർദ്ധിത നികുതി നിയമത്തിലെ 44-ാം വകുപ്പ് പ്രകാരം കട പരിശോധിക്കാനുള്ള അധികാരം നികുതി നിർണയ അധികാരിയ്ക്കുണ്ട്. നികുതി ചോർച്ച കണ്ടെത്താൻ കട പരിശോധന ആവശ്യമാണ്. അതിനാൽ അവ ഒഴിവാക്കാനാവില്ല. വ്യാപാരികളുടെ നികുതി സംബന്ധമായ പ്രശ്നങ്ങൾ റിഡ്രസൽ ബ്യൂറോയിൽ ഉന്നയിച്ച് പരിഹാരം കാണാവുന്നതാണ്. |

സെക്ഷൻ ഓഫീസർ